**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1031 — 25/01/2018-ൽ മറുപടിയ്ക്ക്

**<u>തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അംശദായ നിരക്കും ആനുകൂല്യങ്ങളും</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഡി.കെ. മുരളി | | ശ്രീ. റ്റി.പി. രാമകൃഷ്ണൻ (തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിലവിലെ അംശദായ നിരക്കും ആനുകൂല്യങ്ങളും എന്തൊക്കെയെന്ന് വിശദമാക്കുമോ; | (എ) | കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന്റെ സ്കാറ്റേർഡ് വിഭാഗം തൊഴിലാളികളുടെ നിലവിലെ അംശദായ നിരക്ക് 20, 30, 40, 50 എന്നീ നാല് സ്ലാബുകളിലായാണ് സ്വീകരിച്ചു വരുന്നത്. ആനുകൂല്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | നിരക്കും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | (ബി) | നിരക്കും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്കാറ്റേർഡ് വിഭാഗം ചുമട്ടുതൊഴിലാളികളുടെ അംശദായ നിരക്ക് നാല് സ്ലാബുകളെ ഏകീകരിച്ച് 100/- രൂപയായി വർദ്ധിപ്പിക്കുന്നതിന് 1999 ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി ഭേദഗതി ചെയ്യുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം 2018 ജനവരി 5 തീയതിയായി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | നിലവിലുള്ള മറ്റ് ക്ഷേമനിധി ബോർഡുകൾ ഏതൊക്കെയാണ്. | (സി) | തൊഴിൽ വകുപ്പിനു കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പേര് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| 1 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 2 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 3 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് |
| 4 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 5 | മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് |

| | |
|---|---|
| 6 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 7 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 8 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 9 | കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ് |
| 10 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 11 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 12 | കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 13 | കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 14 | കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 15 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 16 | അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ് |

**(ഡി)** ക്ഷേമനിധി ബോർഡുകൾ തമ്മിൽ ലയിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

**(ഡി)** ഈ വിഷയത്തിലുള്ള ആലോചനകൾ സജീവമാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ആനുകൂല്യങ്ങൾ- സ്റ്റാറ്റേർഡ് വിഭാഗം

| | | |
|---|---|---|
| 1 | ശാരീരിക അവശതയ്ക്കുള്ള സഹായം | തൊഴിലാളികളുടെ സ്ലാബ് തുകയുടെ അടിസ്ഥാനത്തിൽ 5000/- രൂപ മുതൽ 12,500/- രൂപ വരെ |
| 2 | ചികിത്സാ ധനസഹായം | പ്രതിവർഷം 1000/- രൂപ |
| 3 | ആശ്രിത മരണാനന്തര ധനസഹായം | 500/- രൂപ |
| 4 | വിദ്യാഭ്യാസ ആനുകൂല്യം | 10-ാം ക്ലാസ്സ് മുതൽ ഡിഗ്രി തലം വരെ 200/- രൂപ മുതൽ 400/- രൂപ വരെ, എഞ്ചിനീയറിംഗ്, മെഡിക്കൽ, ആയുർവേദം ഡിഗ്രി/പി.ജി. കോഴ്സുൾക്ക് പ്രതിവർഷം 1000/- രൂപ |
| 5 | വിവാഹ ധനസഹായം | പെൺമക്കളുടെ വിവാഹത്തിന് 1500/- രൂപ |
| 6 | മരണാനന്തര ധനസഹായം | സ്ലാബ് തുകയുടെഅടിസ്ഥാനത്തിൽ 20,000/- രൂപ മുതൽ 50,000/- രൂപ വരെ |
| 7 | ഡെത്ത് കം റിട്ടയർമെന്റ് ആനുകൂല്യം | പ്രതിമാസം അംശദായ അടവിൽനിന്നും 10/- രൂപകുറച്ച് ബാക്കി തുക ഡെത്ത് കം റിട്ടയർമെന്റ് ഫണ്ട് രൂപീകരിച്ച് സേവന ദൈർഘ്യം ആധാരമാക്കി ആനുകൂല്യം നല്കി വരുന്നു. |
| 8 | പെൻഷൻ | സൂപ്പറാന്വേഷൻ പെൻഷൻ, ശാരീരികാവശതയ്ക്കുള്ള പെൻഷൻ, ഫാമിലി പെൻഷൻ , സർക്കാർ മിനിമം പെൻഷൻ 1100/- രൂപയാക്കിയിട്ടുള്ള സാഹചര്യത്തിൽ സ്റ്റാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് പ്രതിമാസം 1100/- രൂപ ക്രമത്തിൽ പെൻഷൻ നല്കിവരുന്നു. |

ആനുകൂല്യങ്ങൾ :- അറ്റാച്ച്ഡ് വിഭാഗം അംശദായ നിരക്ക്

| | | |
|---|---|---|
| | അംശദായ നിരക്ക് | തൊഴിലാളി വിഹിതം 10/- രൂപ, തൊഴിലുടമാ വിഹിതം 15/- രൂപ |

അറ്റാച്ച്ഡ് വിഭാഗം ആനുകൂല്യങ്ങൾ

| | | |
|---|---|---|
| 1 | മരണം/പെൻഷൻ ആനുകൂല്യം | 10,000/- രൂപ |
| 2 | ഫാമിലി പെൻഷൻ | 1,100/- രൂപ |
| 3 | ശാരീരിക അവശതയുള്ള സഹായം | 5000/- രൂപ |
| 4 | മരണാനന്തര ചടങ്ങുകൾക്കുള്ള സഹായം | 500/- രൂപ |
| 5 | വിദ്യാഭ്യാസ ധനസഹായം | 100/- രൂപ മുതൽ 300/- രൂപ വരെ |
| 6 | വിവാഹ ധനസഹായം | പെൺമക്കളുടെ വിവാഹത്തിന് 1000/- രൂപ |

സെക്ഷൻ ഓഫീസർ